# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം

## NATIONAL BULLETIN

**DATE: 11.04.2025** **TIME : 07.25 PM**

### പ്രധാന വാർത്തകൾ

1. ദരിദ്രരുടെയും പിന്നാക്ക വിഭാഗങ്ങളുടെയും ഉന്നമനമാണ് കേന്ദ്രസർക്കാരിൻറെ പ്രഥമ പരിഗണനയെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി -

   **Prime Minister Narendra Modi says that the upliftment of the poor and the backward classes is the first priority of the central government.**

2. യൂറോപ്യൻ യൂണിയനുമായുള്ള സ്വതന്ത്ര വ്യാപാര കരാറിന് ഈ വർഷാവസാനത്തോടെ അന്തിമ രൂപം നൽകുമെന്ന് വിദേശകാര്യ മന്ത്രി എസ്.ജയശങ്കർ

   **External Affairs Minister S. Jaishankar says that the free trade agreement with the European Union will be finalized by the end of this year.**

3. രാജ്യത്തെ ജനങ്ങൾക്ക് ആരോഗ്യ സംരക്ഷണം സർക്കാർ കൂടുതൽ പ്രാപ്യവും താങ്ങാനാവുന്നതുമാക്കി മാറ്റിയിട്ടുണ്ടെന്ന് കേന്ദ്രമന്ത്രി മൻസുഖ് മാണ്ഡവ്യ.

   **Union Minister Mansukh Mandaviya says that the government has made healthcare more accessible and affordable for the people of the country.**

4. തമിഴ്നാട് നിയമസഭാ തിരഞ്ഞെടുപ്പിൽ BJP, AIADMK യോടൊപ്പം സഖ്യമായി മത്സരിക്കും.

   **BJP will contest the Tamil Nadu assembly elections in an alliance with AIADMK.**

5. തൊഴിലുറപ്പ് പദ്ധതിയിൽ കേരളത്തിൻറേത് ബദൽ മാതൃകയെന്ന് മന്ത്രി എം ബി രാജേഷ്

   **Minister M B Rajesh says that Kerala is an alternative model in the employment guarantee scheme.**

6. ഐപിഎലിൽ ചെന്നൈക്കെതിരെ ടോസ് നേടിയ കൊൽക്കത്ത ഫീൽഡിംഗ് തെരഞ്ഞെടുത്തു.

**Kolkata won the toss against Chennai in the IPL, has chosen to field.**

✪✪✪✪✪✪✪✪✪✪✪✪✪

## PRESIDENT VISIT

പോർച്ചുഗൽ - സ്ലൊവാക്യ സന്ദർശനം വിജയകരമായി പൂർത്തിയാക്കി രാഷ്ട്രപതി ദ്രൗപദി മുർമു ന്യൂഡൽഹിയിലേക്ക് തിരിച്ചു. ഇന്ന് സ്ലൊവാക്യയിലെ ബ്രാറ്റിസ്ലാവയിൽ ഇന്ത്യൻ വ്യവസായ പ്രതിനിധി സംഘത്തിലെ അംഗങ്ങളുമായി സംവദിച്ച ശേഷമാണ് രാഷ്ട്രപതി ഇന്ത്യയിലേക്ക് മടങ്ങിയത്.

✪✪✪✪✪✪✪✪✪✪✪✪✪

## PM-MP VISIT (INTRO)

ദരിദ്രരുടെയും പിന്നാക്ക വിഭാഗങ്ങളുടെയും ഉന്നമനമാണ് കേന്ദ്ര സർക്കാരിൻറെ പ്രഥമ പരിഗണനയെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. എല്ലാവർക്കുമൊപ്പം എല്ലാവരുടെയും വികസനം എന്നതാണ് കേന്ദ്ര സർക്കാരിൻറെ നയമെന്നും പ്രധാനമന്ത്രി പറഞ്ഞു. മധ്യപ്രദേശിലെ ആനന്ദ്പൂർ ധാമിൽ പൊതുപരിപാടിയെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. പാവപ്പെട്ടവരുടെ ജീവിതം സുഗമ മാക്കുന്നതിന് പ്രധാനമന്ത്രി ഗരീബ് കല്യാൺ യോജന, ആയുഷ്മാൻ യോജന, പ്രധാനമന്ത്രി ആവാസ് യോജന തുടങ്ങിയ വിവിധ പദ്ധതികൾ സർക്കാർ നടപ്പിലാക്കുന്നുണ്ടെന്നും ശ്രീ മോദി വ്യക്തമാക്കി.

(ഹോൾഡ്)

ഇന്ന് രാവിലെ ഉത്തർപ്രദേശിലെ വാരാണസിയിൽ 3,880 കോടി രൂപയുടെ വിവിധ വികസന പദ്ധതികൾക്ക് ശ്രീ മോദി തുടക്കം കുറിച്ചിരുന്നു. ആയുഷ്മാൻ വയ വന്ദന കാർഡുകൾളുടെ വിതരണം നിർവഹിച്ച പ്രധാനമന്ത്രി വാരാണസി ഡിവിഷനിലെ മൂന്ന് ജില്ലകളിൽ പൂർത്തിയാക്കിയ ട്രാൻസ്മിഷൻ സബ്സ്റ്റേഷനുകളുടെ ഉദ്ഘാടനവും നിർവഹിച്ചു.

✪✪✪✪✪✪✪✪✪✪✪✪✪

## BJP TAMILNAD

തമിഴ്നാട്ടിൽ അടുത്ത വർഷം നടക്കുന്ന നിയമസഭാ തിരഞ്ഞെടുപ്പിൽ BJP, AIADMK യോടൊപ്പം സഖ്യമായി മത്സരിക്കുമെന്ന് മുതിർന്ന ബിജെപി നേതാവും കേന്ദ്ര ആഭ്യന്തര മന്ത്രിയുമായ അമിത് ഷാ. യുപിഎസ്സി പരീക്ഷകൾ തമിഴിൽ എഴുതാൻ അനുമതി നൽകിയത് നരേന്ദ്ര മോദി സർക്കാരാണെന്ന് ഇന്ന് ചെന്നൈയിൽ മാധ്യമങ്ങളോട് സംസാരിക്കവെ അദ്ദേഹം പറഞ്ഞു. മെഡിസിനും എഞ്ചിനീയറിംഗും തമിഴിൽ പഠിക്കാൻ വിദ്യാർത്ഥികളെ അനുവദിക്കാത്ത ഡിഎംകെ സർക്കാർ, ത്രിഭാഷാ വിദ്യാഭ്യാസത്തിൽ ഇരട്ടത്താപ്പ് കാണിക്കുകയാണെന്ന് അദ്ദേഹം ആരോപിച്ചു.

✡✡✡✡✡✡✡✡✡✡✡✡

## DRDO-GAURAV

ദീർഘ ദൂര ഗ്ലൈഡ് ബോംബ് ഗൗരവ്, DRDO ഇന്ന് വിജയകരമായി പരീക്ഷിച്ചു. ആയിരം കിലോഗ്രാം ഭാരമുള്ള ഗ്ലൈഡ് ബോംബ് , സുഖോയ് 30 MKI വിമാനത്തിൽ നിന്നാണ് 100 കിലോമീറ്ററിനടുത്ത് ദൂരപരിധിയിൽ വിജയകരമായി പരീക്ഷിച്ചത്. ലോംഗ് റേഞ്ച് ഗ്ലൈഡ് ബോംബിന്റെ വികസനം സായുധ സേനയുടെ ശേഷി വർദ്ധിപ്പിക്കുമെന്ന് രാജ്യ രക്ഷാ മന്ത്രി ശ്രീ രാജ്നാഥ് സിംഗ് പറഞ്ഞു. വികസന പരീക്ഷണങ്ങൾക്ക് ഡിആർഡിഒ, വ്യോമസേന എന്നിവയെ അദ്ദേഹം അഭിനന്ദിച്ചു.

✡✡✡✡✡✡✡✡✡✡✡✡

## MANDAVIYA - HEALTH

രാജ്യത്തെ ജനങ്ങൾക്ക് ആരോഗ്യ സംരക്ഷണം സർക്കാർ കൂടുതൽ പ്രാപ്യവും താങ്ങാനാവുന്നതുമാക്കി മാറ്റിയിട്ടുണ്ടെന്ന് കേന്ദ്രമന്ത്രി മൻസുഖ് മാണ്ഡവ്യ. രാജ്യം വികസിത രാഷ്ട്രമായി മാറണമെങ്കിൽ പൗരന്മാർ ആരോഗ്യവാന്മാരായിരിക്കേണ്ടതുണ്ടെന്ന് അദ്ദേഹം പറഞ്ഞു. ഫരീദാബാദിലെ ഇ.എസ്.ഐ.സി മെഡിക്കൽ കോളേജ് ആശുപത്രിയുടെ രണ്ടാം ബിരുദദാന ചടങ്ങിൽ പങ്കെടുക്കുകയായിരുന്നു അദ്ദേഹം. എല്ലാ ഡോക്ടർമാരും രാഷ്ട്രത്തിന് പ്രഥമ സ്ഥാനം നൽകണമെന്ന മനോഭാവത്തോടെ പ്രവർത്തിക്കണമെന്നും ശ്രീ മാണ്ഡവ്യ ആഹ്വാനം ചെയ്തു.

✡✡✡✡✡✡✡✡✡✡✡✡

## AMITSHAH

വിഘടനവാദം ഉപേക്ഷിക്കാനും രാജ്യത്തിൻ്റെ ഐക്യത്തോട് പൂർണ്ണമായും പ്രതിജ്ഞാബദ്ധത പുലർത്താനുമുള്ള, ഹുറിയത്ത് അനുബന്ധ സംഘടനയായ ജമ്മു കശ്മീർ മാസ് മൂവ്മെൻ്റിൻ്റെ തീരുമാനത്തെ കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ സ്വാഗതം ചെയ്തു. ഇന്ത്യൻ ഭരണഘടനയിൽ വിശ്വാസമർപ്പിച്ചുകൊണ്ട് ഇതുവരെ 12 ഹുറിയത്ത് അനുബന്ധ സംഘടനകൾ വിഘടനവാദത്തെ ഉപേക്ഷിച്ചതായും അദ്ദേഹം സമൂഹ മാധ്യമത്തിൽ കുറിച്ചു.

✪✪✪✪✪✪✪✪✪✪✪✪

## PADMA AWARD

അടുത്ത വർഷത്തെ പദ്മ പുരസ്കാരങ്ങൾക്കുള്ള നാമനിർദേശം ജൂലൈ 31 വരെ സമർപ്പിക്കാം. ഓൺലൈനായി രാഷ്ട്രീയ പുരസ്കാർ പോർട്ടലിലാണ് നാമനിർദേശം സ്വീകരിക്കുക. 2026 റിപ്പബ്ലിക്ക് ദിനത്തോടനുബന്ധിച്ച് പുരസ്കാരങ്ങൾ പ്രഖ്യാപിക്കും.

✪✪✪✪✪✪✪✪✪✪✪✪

## MUMBAI WAVES 2025

രാജ്യത്തെ സർഗ്ഗാത്മക മേഖല സമ്പദ്‌വ്യവസ്ഥയിൽ മഹാരാഷ്ട്രയും മുംബൈയും നിർണായക സ്ഥാനം വഹിക്കുന്നുതായി കേന്ദ്ര വാർത്താ വിതരണ പ്രക്ഷേപണ മന്ത്രി അശ്വിനി വൈഷ്ണവ്. അടുത്ത മാസം ആദ്യം മുംബൈയിൽ നടക്കുന്ന ലോക ദൃശ്യ ശ്രവ്യ ഉച്ചകോടി -WAVES-നുള്ള തയ്യാറെടുപ്പുകൾ അവലോകനം ചെയ്ത ശേഷം മാധ്യമപ്രവർത്തകരോട് സംസാരിക്കുകയായിരുന്നു അദ്ദേഹം.
100-ലധികം രാജ്യങ്ങളിൽ നിന്നുള്ള പ്രതിനിധികൾ പരിപാടിയിൽ പങ്കെടുക്കുമെന്ന് മഹാരാഷ്ട്ര മുഖ്യമന്ത്രി ദേവേന്ദ്ര ഫഡ്നാവിസ് അറിയിച്ചു.

✪✪✪✪✪✪✪✪✪✪✪✪

## KARNATAKA WAVES

ലോക ദൃശ്യ ശ്രവ്യ വിനോദ ഉച്ചകോടിയുടെ ഭാഗമായ ക്രിയേറ്റ് ഇൻ ഇന്ത്യ ചലഞ്ചിൻ്റെ വി എഫ് എക്സ് വിഭാഗത്തിൽ ഫൈനലിസ്റ്റുകളെ തിരഞ്ഞെടുക്കുന്നതിന് ഇന്ന് ബാംഗ്ലൂരിൽ പ്രത്യേക മത്സരം സംഘടിപ്പിച്ചു.

അസോസിയേഷൻ ഓഫ് ബാംഗ്ലൂർ അനിമേഷൻ ഇൻഡസ്ട്രി ആണ് സൂപ്പർ ഹീറോ പവർ എന്ന വിഷയത്തിൽ 30 സെക്കൻഡ് ദൈർഘ്യമുള്ള വി എഫ് എക്സ് വീഡിയോ തയ്യാറാക്കുന്ന മത്സരം സംഘടിപ്പിച്ചത്.

✪✪✪✪✪✪✪✪✪✪✪✪

## ITALY-INDIA BUSINESS FORUM (INTRO)

ഈ വർഷം അവസാനത്തോടെ യൂറോപ്യൻ യൂണിയനു മായുള്ള സ്വതന്ത്ര വ്യാപാര കരാറിന് അന്തിമ രൂപം നല്കാനാണ് ശ്രമിക്കുന്നതെന്ന് കേന്ദ്ര വിദേശ കാര്യ മന്ത്രി എസ്.ജയശങ്കർ. പി എം ഗതി ശക്തി പദ്ധതി, ശക്തമായ ഡിജിറ്റൽ പൊതു അടിസ്ഥാന സൗകര്യങ്ങൾ എന്നിവ ഇന്ത്യയെ, ലോകത്തിന് കൂടുതൽ ആകർഷകമായ ബിസിനസ്സ് പങ്കാളിയാക്കി മാറ്റിയെന്നും അദ്ദേഹം പറഞ്ഞു. ന്യൂഡൽഹിയിൽ ഇറ്റലി-ഇന്ത്യ ബിസിനസ്, സയൻസ് ആൻഡ് ടെക്നോളജി ഫോറത്തെ അഭിസംബോധന ചെയ്യുകയായിരുന്നു ശ്രീ ജയശങ്കർ

(വോയിസ്)

ഇരു രാജ്യങ്ങളിലെയും വ്യാപാര സമൂഹങ്ങൾ തമ്മിലുള്ള സഹകരണം വളർത്തിയെടുക്കുക എന്നതാണ് ഇറ്റലി-ഇന്ത്യ ബിസിനസ്, സയൻസ് ആൻഡ് ടെക്നോളജി ഫോറം ലക്ഷ്യമിടുന്നത്.

✪✪✪✪✪✪✪✪✪✪✪✪

## INDIA-ITALY-TRADE

തന്ത്രപരമായ സമഗ്ര പങ്കാളിത്തത്തിന് ഇന്ത്യയും ഇറ്റലിയും ഒരുമിച്ച് പ്രവർത്തിക്കുന്നതായി കേന്ദ്ര വാണിജ്യ വ്യവസായ മന്ത്രി പിയൂഷ് ഗോയൽ. നിലവിൽ 15 ബില്യൺ ഡോളർ മൂല്യമുള്ള ഉഭയ കക്ഷി വ്യാപാരം ഗണ്യമായി വർദ്ധിപ്പിക്കുന്നതിന് ഇരു രാജ്യങ്ങളുടെയും തന്ത്രപരമായ പങ്കാളിത്തം സഹായിക്കുമെന്ന് അദ്ദേഹം പറഞ്ഞു. ന്യൂഡൽഹിയിൽ ഇറ്റാലിയൻ ഉപ പ്രധാനമന്ത്രി അന്തോണിയോ തജനിയുമായി നടത്തിയ സംയുക്ത വാർത്ത സമ്മേളനത്തിലാണ് അദ്ദേഹം ഇക്കാര്യം വ്യക്തമാക്കിയത്.
വിനോദസഞ്ചാരം, ബഹിരാകാശ സാങ്കേതികവിദ്യ, പ്രതിരോധം, കപ്പൽ നിർമ്മാണം തുടങ്ങിയ മേഖലകളിൽ ഇരു രാജ്യങ്ങൾക്കും സഹകരണത്തിനുള്ള സാധ്യതകൾ ഉള്ളതായി ശ്രീ പിയൂഷ് ഗോയൽ പറഞ്ഞു. ഇന്ത്യയുമായുള്ള സഹകരണം ശക്തിപ്പെടുത്താൻ ഇറ്റലി ആഗ്രഹിക്കുന്നുവെന്ന് ഇറ്റലി ഉപപ്രധാനമന്ത്രി വ്യക്തമാക്കി.

✪✪✪✪✪✪✪✪✪✪✪✪

## M.B.RAJESH

തൊഴിലുറപ്പ് പദ്ധതി രാജ്യത്താകെ വെല്ലുവിളി നേരിടുന്ന സാഹചര്യത്തിൽ കേരളത്തിന്റേത് ബദൽ മാതൃകയെന്ന് മന്ത്രി എം ബി രാജേഷ്. രാജ്യത്ത് ആദ്യമായി 20 ലക്ഷത്തോളം തൊഴിലുറപ്പ് തൊഴിലാളികൾക്കായി ക്ഷേമനിധി നടപ്പിലാക്കിയ സംസ്ഥാനം കേരളമാണെന്നും മന്ത്രി പറഞ്ഞു. കേരള തൊഴിലുറപ്പ് തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ ലോഗോ പ്രകാശനവും വെബ്പോർട്ടൽ ഉദ്ഘാടനവും അംഗത്വ കാർഡ് വിതരണവും തിരുവനന്തപുരത്ത് നിർവഹിക്കുകയായിരുന്നു മന്ത്രി.

✡✡✡✡✡✡✡✡✡✡✡✡

## IPL

ഐപിഎൽ ക്രിക്കറ്റിൽ ചെന്നൈ സൂപ്പർ കിംഗ്സിനെതിരെ ടോസ് നേടിയ കൊൽക്കത്ത നൈറ്റ് റൈഡേഴ്സ് ഫീൽഡിംഗ് തെരഞ്ഞെടുത്തു. ചെന്നൈ എംഎ ചിദംബരം സ്റ്റേഡിയത്തിലാണ് മത്സരം.

✡✡✡✡✡✡✡✡✡✡✡✡

## HEALTH MINISTER

ആഫ്രിക്കയുടെ കിഴക്കുഭാഗവുമായി ചേർന്ന് കിടക്കുന്ന ഫ്രഞ്ച് അധിനിവേശ പ്രദേശമായ റീയൂണിയൻ ദ്വീപുകളിൽ ചിക്കുൻഗുനിയ വ്യാപനമുണ്ടായ സാഹചര്യത്തിൽ കേരളത്തിലും ജാഗ്രത പുലർത്തണമെന്ന് മന്ത്രി വീണാ ജോർജ്. കൊതുക് നശീകരണ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കാൻ ജില്ലകൾക്ക് നിർദേശം നൽകിയതായും മന്ത്രി പറഞ്ഞു.

✡✡✡✡✡✡✡✡✡✡✡✡

## SHABARIMALA

ശബരിമല ക്ഷേത്രത്തിലെ പൈങ്കുനി ഉത്രം ഉത്സവത്തിന് സമാപനം കുറിച്ചുകൊണ്ടുള്ള ആറാട്ടുഘോഷയാത്ര പമ്പയിൽ നിന്ന് സന്നിധാനത്തെത്തി. മേട വിഷു പൂജകൾ പൂർത്തിയാക്കി ഈമാസം 18 ന് നട അടയ്ക്കും.

✡✡✡✡✡✡✡✡✡✡✡✡

## PADMANABHA TEMPLE

തിരുവനന്തപുരം ശ്രീപദ്മനാഭസ്വാമി ക്ഷേത്രത്തിലെ പൈങ്കുനി ഉത്സവത്തോടനുബന്ധിച്ചുള്ള ആറാട്ട് ചടങ്ങുകൾ പുരോഗമി ക്കുന്നു. ആറാട്ട് ഘോഷയാത്രയുടെ ഭാഗമായി തിരുവനന്തപുരം രാജ്യാന്തര വിമാനത്താവളത്തിലെ റൺവേ ഇന്ന് രാത്രി ഒൻപത് വരെ അടച്ചിടും. ഈ സമയത്തുള്ള ആഭ്യന്തര, രാജ്യാന്തര വിമാന സർവീസുകൾ പുനഃക്രമീകരിച്ചിട്ടുണ്ട്.

✪✪✪✪✪✪✪✪✪✪✪✪

## WAYANAD-HIGHCOURT

വയനാട് പുനരധിവാസ പദ്ധതിക്കായി എൽസ്റ്റൺ എസ്റ്റേറ്റിൽ നിന്ന് ഏറ്റെടുത്ത ഭൂമിക്ക് കേരള സർക്കാർ 17 കോടി രൂപ കൂടി കെട്ടിവയ്ക്കാൻ ഹൈക്കോടതി നിർദേശിച്ചു. നേരത്തെ സംസ്ഥാന സർക്കാർ നിശ്ചയിച്ച 26 കോടി രൂപയ്ക്ക് പുറമെയാണ് ഇത്. അതേസമയം ഭൂമി ഏറ്റെടുക്കുന്നതിന് തടസ്സമില്ലെന്ന് കോടതി വ്യക്തമാക്കി. കൂടുതൽ പണം ആവശ്യപ്പെട്ട് എൽസ്റ്റൺ നൽകിയ ഹർജിയിലാണ് ഹൈക്കോടതിയുടെ ഇടക്കാല ഉത്തരവ്.

✪✪✪✪✪✪✪✪✪✪✪✪

## ISRAEL - EVACUATION ORDER

കിഴക്കൻ ഗാസ നഗരത്തിലെ വിവിധ പ്രദേശങ്ങളിൽ നിന്ന് ഒഴിഞ്ഞുപോകാൻ ജനങ്ങൾക്ക് മുന്നറിയിപ്പ് നൽകി ഇസ്രായേൽ പ്രതിരോധ സേന. മേഖലയിലെ ഹമാസ് സാന്നിധ്യം ഇല്ലാതാക്കാനുള്ള നടപടികൾ ശക്തിപ്പെടുത്തുന്നതിന് മുന്നോടിയായാണ് സാധാരണക്കാരോട് പടിഞ്ഞാറൻ പ്രദേശത്തേക്ക് മാറാൻ നിർദേശിച്ചതെന്ന് ഐഡിഎഫ് വക്താവ് അറിയിച്ചു.

✪✪✪✪✪✪✪✪✪✪✪✪

✪✪✪✪✪✪✪

✪✪✪